ജയനാരായണൻ തൃക്കാക്കര



# അമ്പിളിമാമൻ

മേലേമാനത്തന്തിയിലെത്തി
ചേലേറുന്നോരമ്പിളി മാമൻ
താരകൾ ചുറ്റും കൂടിയിരുന്നു
നടുവിലിരുന്നു അമ്പിളിമാമൻ
വിണ്ണിൽ നിന്നും വെള്ളിനിലാവീ-
മണ്ണിലൊഴുക്കീ അമ്പിളിമാമൻ
വെള്ളിക്കോലു ചുഴറ്റിപ്പിന്നെ
വിണ്ണിൽ നടന്നൂ അമ്പിളിമാമൻ
താഴേ പുഴയിൽ വന്നു മടങ്ങീ
താരകൾ കാണാതമ്പിളി മാമൻ
പുലരും മുമ്പേ ഓടിയൊളിച്ചൂ
പേടിത്തൊണ്ടൻ അമ്പിളി മാമൻ

കുഞ്ഞുങ്ങളെ പാലൂട്ടി വളർത്തുന്ന പക്ഷി- പ്രാവ്